പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6215 31.10.2011 ൽ മറുപടിയ്ക്ക്

## വീടിനു മുകളിലൂടെയുള്ള വൈദ്യുതിലൈനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെയും വീടിനുമുകളിലൂടെയും കടന്നുപോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാനുള്ള ചെലവ് ആരാണ് വഹിക്കേണ്ടത് ; | (എ) സ്വകാര്യ വ്യക്തികളുടെ സ്ഥലത്തിലൂടെയും വീടിനുമുകളിലൂടെയും കടന്നുപോകുന്ന പ്രസരണ ലൈനുകൾ, സാങ്കേതികമായി മാറ്റി സ്ഥാപിക്കുവാൻ സാധിക്കുന്നതാണെങ്കിൽ, വൈദ്യുതി വിതരണ ലൈൻ മാറ്റി സ്ഥാപിക്കേണ്ടത് സ്ഥലമുടമ/വീട്ടുടമയുടെ ആവശ്യമാണെങ്കിൽ, അതിന്റെ ചെലവ് സ്ഥലമുടമ/വീട്ടുടമ വഹിക്കേണ്ടതാണ് |
| (ബി) 10 സെന്റിൽ കുറഞ്ഞ സ്ഥലത്ത് വീടുവച്ചിട്ടുള്ളവരുടെ വീടിനുമുകളിലൂടെ വൈദ്യുതി ലൈൻ കടന്നുപോകുന്നത് പൊതുവഴിയിലേക്ക് മാറ്റി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുമോ ;<br>(സി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (ബി) (സി) എസ്റ്റിമേറ്റ് തുക 5 ലക്ഷത്തിൽ കുറവാണെങ്കിൽ അപ്രകാരമുള്ള മാറ്റം സാധൂകരിക്കത്തക്കതാണ് എന്ന് അതതു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് ബോധ്യപ്പെടുന്ന പക്ഷവും, ആൾതാമസമുള്ള സ്ഥലങ്ങളിലൂടെയുള്ള വൈദ്യുതി വിതരണ ലൈനുകൾ കുറഞ്ഞദൂരമുള്ള പൊതുവഴിയിൽക്കൂടി ആക്കുന്നതിന്, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. തുക 5 ലക്ഷത്തിൽ കൂടുതലാണെങ്കിൽ ലൈൻ ഷിഫ്റ്റിംഗ് ബോർഡിന്റെ തീരുമാനമനുസരിച്ചാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ